**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.551 — 29.6.2011 ൽ മറുപടിക്ക്

## ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പു മന്ത്രി) |
| (എ) ആരോഗ്യവകുപ്പിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) അസിസ്റ്റന്റ് സർജൻമാരുടെ 122 ഒഴിവുകളും സിവിൽ സർജൻമാരുടെ 55 ഒഴിവുകളും വിവിധ സ്പെഷ്യാലിറ്റികളിലായി 324 സ്പെഷ്യലിസ്റ്റുകളുടെ ഒഴിവുകളും നിലവിലുണ്ട് |
| (ബി) ഒഴിവുകൾ നികത്താൻ എന്ത് നടപടി സ്വീകരിച്ചു; | (ബി) അസിസ്റ്റന്റ് സർജൻമാരുടെ 125 ഒഴിവുകൾ പി.എസ്.സി.യെ അറിയിച്ചിട്ടുണ്ട്. നിലവിൽ ടി തസ്തികയിൽ നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ നിയമന നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്താവുന്നതാണ്. സിവിൽ സർജൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വകുപ്പുതലത്തിൽ സ്പെഷ്യലിസ്റ്റുകൾ ലഭ്യമല്ലാത്ത സ്പെഷ്യാലിറ്റികളിലെ ഒഴിവുകൾ പി.എസ്.സി യെ അറിയിച്ചിട്ടുണ്ട്. ഇവയിൽ ചില വിഭാഗങ്ങളിൽ പി.എസ്.സി വഴി അടുത്തിടെ നാല്പതോളം ജൂനിയർ കൺസൾട്ടന്റ്മാർക്ക് നിയമനം നൽകിയിട്ടുണ്ട്. സ്പെഷ്യാലിറ്റി വിഭാഗത്തിലെ പ്രൊമോഷൻ തസ്തികകളായ |

| | |
|---|---|
| | കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ്, ചീഫ് കൺസൾട്ടന്റ് എന്നിവയിലേക്കുള്ള പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്. വകുപ്പുതലത്തിൽ സ്പെഷ്യലിസ്റ്റുകൾ തുടർന്നും ലഭ്യമായിട്ടുള്ള വിഭാഗങ്ങളിൽ അവരെ നിയമിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) എത്ര ഡോക്ടർമാരാണ് ദീർഘകാല അവധിയിൽ കഴിയുന്നതെന്ന് വ്യക്തമാക്കുമോ; | (സി) നിലവിലുള്ള സർക്കാർ ഉത്തരവനുസരിച്ച് പഠനാവധി ഒഴികെയുള്ള ദീർഘകാലാവധി ഡോക്ടർമാർക്ക് അനുവദിക്കുന്നില്ല. എന്നാൽ ദന്തൽ സർജന്മാർക്ക് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.ആർ അപ്പൻഡിക്സ് XIIA, XII C പ്രകാരമുള്ള ദീർഘകാലാവധി അനുവദിച്ചു വരുന്നു. നിലവിൽ 6 ദന്തൽ സർജന്മാർക്ക് XII A പ്രകാരമുള്ള ദീർഘകാലാവധി അനുവദിച്ചിട്ടുണ്ട്. |
| (ഡി) സ്പെഷ്യാലിറ്റി കേഡറും അഡ്മിനിസ്ട്രേറ്റീവ് കേഡറും വേർതിരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. |

സെക്ഷൻ ഓഫീസർ